പതിമൂന്നാം കേരള നിയമസഭ

പത്ത ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : T 2984 28.01.2014-ലെ മറുപടിക്ക്.

ലൈബ്രറി സെസ് വഴി ലഭിക്കുന്ന വരുമാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജു | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ലൈബ്രറി സെസ് വഴി ലഭിക്കുന്ന വരുമാനത്തിന്റെ എത്ര ശതമാനം വീതമാണ് ലൈബ്രറി കൗൺസിലിനും സാംസ്കാരിക വകുപ്പിനും ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ ; ഇത്തരത്തിൽ ലഭിക്കുന്ന മുഴുവൻ തുകയും ലൈബ്രറി കൌൺസിലിന് നൽകുന്നതിനുള്ള നിയമം കൊണ്ടുവരുമോ എന്ന് വ്യക്തമാക്കുമോ ; | എ) ലൈബ്രറി സെസ് വഴി ലഭിക്കുന്ന വരുമാനം മുഴുവൻ കേരള സ്റ്റേറ്റ് ലൈബ്രറി കൌൺസിലിനാണ് ലഭ്യമാക്കുന്നത്. സാംസ്കാരിക വകുപ്പിന് തുകയൊന്നും നൽകുന്നില്ല. കേരള പബ്ലിക് ലൈബ്രറീസ് (കേരള ഗ്രന്ഥശാലാ സംഘം) ആക്ട് 1989 ലെ വകുപ്പ് 48 പ്രകാരമാണ് ലൈബ്രറി സെസ് പൂർണ്ണമായും സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് നൽകുവാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. |
| ബി) 2013 — 14 വർഷത്തെ ലൈബ്രറി ഗ്രാന്റ് വിതരണം ചെയ്തിട്ടുണ്ടോ ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; വിതരണം നടത്തിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ? | (ബി) 2013 — 14 വർഷത്തെ ലൈബ്രറി ഗ്രാന്റ് വിതരണം ചെയ്തിട്ടില്ല. ഗ്രാന്റ് നൽകുന്നതിന് തടസ്സങ്ങൾ നിലവിലുണ്ട്. 2012-13 ലെ അവസാന ഗഡു ഗ്രാന്റ്, താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായാണ് നൽകിയിരുന്നത്.<br><br>i) അടുത്ത സാമ്പത്തിക വർഷത്തെ ഫണ്ട് അലോട്ട്മെന്റിന് ഫയൽ അയയ്ക്കുമ്പോൾ ജീവനക്കാരുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങളുടെ വിശദ വിവരങ്ങളും ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ ആഡിറ്റ് ഒബ് ജക്ഷനിൽ കേരള സ്റ്റേറ്റ് ലൈബ്രറി കൌൺസിൽ എന്ത് |

നടപടികൾ സ്വീകരിച്ച എന്നീ
വിവരങ്ങൾ

ii) ഗ്രാന്റ് ഇൻ എയ്ഡ് ആയി റിലീസ് ചെയ്യുന്ന തുക ബാങ്കിൽ പാർക്ക് ചെയ്യാൻ പാടുള്ളതല്ല.

iii) യൂട്ടിലൈസേഷൻ കഴിച്ച് ബാക്കി വരുന്ന തുക ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് സറണ്ടർ ചെയ്തിരിക്കണം.

iv) അനുവദിച്ച തുക ഒരിക്കലും വകമാറ്റി ചെലവഴിക്കാൻ പാടുള്ളതല്ല.

v) അനുവദിച്ച എല്ലാ തുകകളുടെയും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സർക്കാരിൽ എത്രയും വേഗം അയയ്ക്കേണ്ടതാണ്.

അവ ഇതുവരെ പാലിച്ചിട്ടില്ല. കൂടാതെ സർക്കാർ നൽകിയ കാരണം കാണിക്കൽ നോട്ടീസിന് വ്യക്തമായ മറുപടി ലൈബ്രറി കൗൺസിൽ നൽകിയിട്ടില്ല. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സർക്കാർ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ലഭ്യമാക്കിയാൽ താമസംവിനാ ഗ്രാന്റ് നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ